പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5359 15.11.2019 ൽമറുപടിയ്ക്ക്

## വൈപ്പിൻ ദ്വീപ് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വൈപ്പിൻ ദ്വീപ് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കൊച്ചി നഗരത്തിലേക്ക് ബസ് സർവ്വീസുകൾ ദീർഘിപ്പിക്കുന്നതിനായി സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (ബി) | എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാൽകൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ പുതുതായി സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിൽകൂടി സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് അനുവദിക്കാൻ നിയമം അനുവദിക്കുന്നില്ല. മാത്രമല്ല അത് നിലവിലുള്ള ബഹു.കോടതി ഉത്തരവുകളുടെ ലംഘനമാകും. കൊച്ചി നഗരത്തിലെ വാഹന പെരുപ്പം മൂലമുള്ള ഗതാഗത പ്രശ്നങ്ങൾ, പാർക്കിംഗ് സുരക്ഷ പ്രശ്നങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് 06/12/2011-ലെ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ടി വിഷയം പരിഗണിക്കുകയും നിരുപാധികം തള്ളിയിട്ടുള്ളതുമാണ്.<br>ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് പൊതുജന താല്പര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വൈപ്പിൻകരയിലേക്കും, തിരിച്ചും സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.യോട് നിർദ്ദേശിക്കുകയും അവർ നല്കിയ അപേക്ഷ പരിഗണിച്ച് 01/02/2011-ൽ എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി 22 (ഇരുപത്തിരണ്ട്) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഗോശ്രീ പാലം വഴി വൈപ്പിനിലേക്കും, തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് സ്ഥിര പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. വൈപ്പിൻ ദ്വീപ് നിവാസികളുടെ യാത്രാ സൗകര്യം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി കെ എസ് ആർ ടി സി 15/7/2019 ൽ 12 ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ വൈപ്പിനിൽ നിന്ന് ഹൈക്കോർട്ട് വരെ ഉള്ള സ്വകാര്യ ബസ് സർവ്വീസ് മുടക്കാതിരിക്കാൻ നോർത്ത് പറവൂർ ജോയിന്റ് ആർ.ടി.ഒ.യ്ക്ക് കർശന നിർദ്ദേശം നല്കുകയും പരിശോധന നടത്തി വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**